പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 5538 28.07.2015 ൽ മറുപടിക്ക്.

# ബാല പീഡന കേസുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ബാല പീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2011 -12 ഏപ്രിൽ മുതൽ 2014 -15 മാർച്ച് വരെയുള്ള കാലത്ത് സംസ്ഥാനത്ത് 6919 ബാലപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള പീഢന കേസുകൾ നിയന്ത്രിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (ബി) കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജുവനൈൽ ജസ്റ്റിസ് ഓഫീസർ-മാരുടെ സേവനവും ആവശ്യമായ കൗൺസിലിംഗും നടത്തി വരുന്നു. കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുക, ഇന്റർനെറ്റ്, മൊബൈൽ പോലുള്ളവയുടെ ചൂഷണങ്ങളിൽ അകപ്പെടാതിരിക്കുക എന്ന ലക്ഷ്യത്തോടെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ കീഴിൽ സ്കൂളുകളിലും കോളേജുകളിലും കേന്ദ്രീകരിച്ച് സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിച്ച് വരുന്നുണ്ട്. ഇതിനു പുറമെ ക്ലീൻ കാമ്പസ് 'സേഫ് കാമ്പസ്' എന്ന പദ്ധതി ആവിഷ്കരിച്ച് കുട്ടികൾക്കിടയിൽ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള അവബോധം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് നിയമ നടപടികൾ സ്വീകരിച്ച് അവർക്ക് പരമാവധി ശിക്ഷ നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ എന്നിവ മുഖാന്തിരം കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട് റീച്ച് പരിപാടികൾ, കൗൺസിലിംഗ്, സ്കൂൾ/കമ്മ്യൂണിറ്റി/പഞ്ചായത്ത്/ ജില്ലാതല ബോധവൽക്കരണ പരിപാടികൾ എന്നിവ സംയോജിത ശിശു സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Protection of Children from Sexual Offences (POCSO) Act 2012 നെ സംബന്ധിച്ച ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

1) മാസ്റ്റർ ഷഫീക്ക് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം പീഡനത്തിനിരയാകുന്ന കുട്ടികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും 20,000/- രൂപ കരുതൽ തുകയായി അനുവദിച്ചിട്ടുണ്ട്.

2) ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുവാനുള്ള മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

ഇപ്രകാരം ശാരീരിക ലൈംഗിക പീഡനങ്ങൾ നേരിടുന്ന കുട്ടികൾക്ക് ധനസഹായവും ചികിത്സാ ചെലവുകളും സംയോജിത ശിശു സംരക്ഷണ പദ്ധതി പ്രകാരം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ.